**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാലയങ്ങൾക്ക് ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഏകീകൃത തിരിച്ചറിയൽ നമ്പർ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ (കൈ)നം. 81/2014/പൊ.വി.വ. തീയതി, തിരുവനന്തപുരം, 19/05/2014

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/04/2014ലെ എൻ.ഇ.പി. (3)/31874/2014/ഡി.പി.ഐ നം. കത്ത്

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ സംസ്ഥാനത്തെ പ്രൈമറി/ ഹൈസ്കൂൾ/ ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് 01/06/2014 മുതൽ ഏകീകൃത തിരിച്ചറിയൽ നമ്പർ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

1.നിലവിൽ ദേശീയ തലത്തിൽ സ്കൂളുകളെ തിരിച്ചറിയാനായി ഉപയോഗിച്ചു വരുന്ന U-DISE നമ്പരുകളുമായി ഇതിനെ ബന്ധിപ്പിക്കുന്നതിനു വേണ്ടി അടിയന്തിര നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

2. 01.06.2014 മുതൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട എല്ലാ രേഖകളിലും കത്തിടപാടുകളിലും ദേശീയതലത്തിൽ നിശ്ചയിച്ചിരിക്കുന്ന U-DISE നമ്പരും സംസ്ഥാനതലത്തിൽ നിശ്ചയിച്ചിരിക്കുന്ന സ്കൂൾ കോഡും പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

3.പുതുതായി സ്കൂൾ കോഡ് അനുവദിക്കുന്നതിന് DPI, HSS, VHSE എന്നീ ഡയറക്ടറേറ്റുകളിൽ പ്രത്യേക നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ ഐ.ടി@സ്കൂളുമായി ബന്ധപ്പെട്ട് മാത്രമേ പുതിയ സ്കൂളുകൾക്ക് കോഡ് അനുവദിക്കാൻ പാടുള്ളൂ .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.രത്നമ്മ

ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.റ്റി അറ്റ് സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.